(എഫ്) കോളേജ് കാമ്പസിനകത്തെ അക്രമപ്രവർത്തനങ്ങൾ തടയുന്നതിനും അദ്ധ്യയനം സുഗമമാക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രശ്നങ്ങളുള്ള കോളേജുകളിൽ വിദ്യാർത്ഥി സംഘടന പ്രതിനിധികളും, കോളേജ് അധികൃതരും പി.ടി.എ. പ്രവർത്തകരും പോലീസ് അധികൃതരും ഉൾപ്പെടുന്ന സമാധാന കമ്മറ്റികൾ രൂപീകരിച്ചും. ആവശ്യമെന്ന് കണ്ടാൽ പോലീസ് സംരക്ഷണം നൽകിയും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 12 വിദ്യാർത്ഥികളുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്.

(സി) റെനിൻ, സന്തോഷ്, എന്നിവരും മറ്റ് കണ്ടാലറിയാവുന്ന പത്ത് പേരുമാണ് പ്രതികൾ. പ്രസ്തുത കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(ഡി) എഴുപതുപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) എസ്.എഫ്.ഐയിലും കെ.എസ്.യു.വിലും പെട്ടവരാണ് കുറ്റക്കാർ.

(എഫ്) കോളേജുകളിൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ളതായി വിവരം മുൻകൂട്ടിയറിയുന്ന മുറയ്ക്കും പ്രിൻസിപ്പാളിന്റെ അനുമതിയോടെ കോളേജ് കാമ്പസിനകത്ത് നിയമ സമാധാന പാലനത്തിനായി പോലീസിനെ നിയോഗിച്ചുവരുന്നു.

കണ്ണൂരിലെ രാഷ്ട്രീയ സംഘട്ടനം

62 (62) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ജനുവരി മാസത്തിനുശേഷം കണ്ണൂർ ജില്ലയിൽ ഉണ്ടായ സി.പി.എം., ബി.ജെ.പി സംഘട്ടനത്തിൽ കൊല്ലപ്പെട്ടവർ ആരെല്ലാം ; പരിക്ക് പറ്റിയവർ ആരെല്ലാം ;

(ബി) ഈ കാലഘട്ടത്തിൽ കണ്ണൂരിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ ഓരോന്നിലും എത്ര പ്രതികൾ വീതമുണ്ട് ; അവർ ആരെല്ലാം ;

(സി) ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണിവർ ;

(ഡി) ഇതിൽ എത്രപേരെ അറസ്റ്റു ചെയ്തിട്ടുണ്ട് ;

(ഇ) കണ്ണൂർ സംഭവവുമായി ബന്ധപ്പെട്ട് ഏതെല്ലാം രാഷ്ട്രീയ പാർട്ടി ഓഫീസുകൾക്ക് എത്ര തുക വീതം നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ;

(എഫ്) കണ്ണൂരിൽ വധിക്കപ്പെട്ട സ്കൂൾ അദ്ധ്യാപകൻ ജയകൃഷ്ണന് നൽകിയിരുന്ന സെക്യൂരിറ്റി കുറ്റമറ്റതായിരുന്നോ ; ഇതിൽ എന്തെങ്കിലും വീഴ്ച വന്നിരുന്നോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പറായി ശശി, ദാസൻ, കെ. ടി. ജയകൃഷ്ണൻ, മനോജ്, വി. പി. പ്രകാശൻ, ബാലൻ, കൃഷ്ണൻ നായർ, കനകരാജ്, കുഞ്ഞിക്കണ്ണൻ, സജീവൻ എന്നീ 10 പേർ മരണമടഞ്ഞിട്ടുണ്ട്. 107 സി.പി.എം/ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കും 86 ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകർക്കും പരിക്കേറ്റിട്ടുണ്ട്.

(ബി-ഡി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ഇ) എല്ലാ രാഷ്ട്രീയ പാർട്ടികളും പങ്കെടുത്ത സമാധാന സമ്മേളനത്തിന്റെ അഭിപ്രായം കണക്കിലെടുത്ത് സ്വത്തുവകകൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ധനസഹായം നൽകുന്നതിനുള്ള വിശദമായ പരിശോധനകൾ നടന്നു വരുന്നു.

(എഫ്) വധിക്കപ്പെട്ട സ്കൂൾ അദ്ധ്യാപകൻ ജയകൃഷ്ണന് രണ്ട് പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരെ നിയോഗിച്ചിരുന്നു. വീഴ്ച വന്നതായി പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെ.എ.പി. മൂന്നാം ബറ്റാലിയൻ ഹെഡ്ക്വാർട്ടേഴ്സ് പണി

63 (63) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.പി. മൂന്നാം ബറ്റാലിയൻ ഹെഡ്ക്വാർട്ടേഴ്സ് പണിയുന്നതിന് അടൂർ താലൂക്കിൽ ഏറത്ത് പഞ്ചായത്തിൽ ഭൂമി വാങ്ങിയത് ഏതുവർഷമാണ് ;

(ബി) പ്രസ്തുത ഹെഡ്ക്വാർട്ടേഴ്സിന്റെ പണിക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയ തീയതി വെളിപ്പെടുത്താമോ ;

(സി) ഈ പണിക്ക് ആദ്യമായി ബഡ്ജറ്റിൽ തുക വകകൊള്ളിച്ചത് എന്നാണ് ;

(ഡി) എത്ര തുക ആദ്യം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നു ;

(ഇ) പ്രസ്തുത ഹെഡ്ക്വാർട്ടേഴ്സിന്റെ പണിക്ക് എത്ര കോടി രൂപ ചെലവുവരും ; ഇവിടെ പണിയുന്ന വിവിധ കെട്ടിടങ്ങളുടെ വിശദവിവരം നൽകുമോ ;

(എഫ്) എന്നത്തേയ്ക്ക് ഇതിന്റെ പണി പൂർത്തിയാക്കും ?

ഉത്തരം

(എ) 1993-ലും 1986-ലുമാണ് പോലീസ് വകുപ്പ് ഭൂമി ഏറ്റെടുത്തത്.

(ബി) 4-5-1995-ൽ 6.78 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും പിന്നീട് പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 10.28 കോടി രൂപയ്ക്ക് 24-2-1998 ലും ഭരണാനുമതി നൽകിയിട്ടുണ്ട്.

---

† അനുബന്ധം XX

LIBRARY ARCHIVES Kerala Legislative Assembly

56 കേരള ഗസറ്റിയേഴ്സ്

57 മെഡിക്കൽ വിദ്യാഭ്യാസം

58 മൈനിംഗും ജിയോളജിയും

59 മോട്ടോർ വാഹനം

60 പോലീസ്

61 തുറമുഖം

62 പബ്ലിക് ഹെൽത്ത് ലാബോറട്ടറി

63 പൊതുമരാമത്ത്

64 ഇറിഗേഷനും പ്രോജക്ടുകളും

65 സൈനികക്ഷേമം

66 ട്രഷറി

67 വിജിലൻസ്

അനുബന്ധം XX

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 62(62) ദയവായി കാണുക]

1. കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ, ക്രൈം നം. 394/99, പ്രതികൾ, 14 സി.പി.എം. പ്രവർത്തകർ. 1. കൂലി ശശി, 2. കറിപ്പായി രാജൻ, 3. ഷാജി, 4. പുലപ്പാടി സജീവൻ, 5. ഉമ്മത്തൻ നന്ദൻ, 6. കരിപ്പായി ബാബു, 7. കോലമ്പത്ത് ഷാജി. 8. അല്ലി മനോഹരൻ, 9. ചാലി ബാബു, 10. പറക്കണ്ടി സുധീർ, 11. ചേളേരി രവീന്ദ്രൻ, 12. കൊല്ലന്നോൻ രവീന്ദ്രൻ, 13. കൊരമ്പത്ത് അനീഷ്, 14. മേപ്പാടൻ പ്രസാദ് എല്ലാ പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

2. പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 259/99.

   പ്രതികൾ 8 ബി. ജെ. പി. പ്രവർത്തകർ

   1. മുട്ടമ്മൽ ഷാജി, 2. ഇരയന്റ വിട ഗിരീഷ് ബാബു, 3. കൊട്ടിയന്റവിട ശശി, 4. ചുങ്കകരന്റവിട പ്രഭാകരൻ, 5. മഠത്തിൽ രമേശൻ, 6. കണ്ണക്കോടന്റവീട് പ്രേമൻ, 7. പാറയുള്ള പറമ്പത്ത് വിനോദ്, 8. കൊട്ടിയന്റവിട ജഗദീഷ് എന്നിവർ. മൂന്നും നാലും അഞ്ചും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

3. ചൊക്ലി പോലീസ് സ്റ്റേഷൻ ക്രൈം നം. 125/99. പ്രതികൾ 11 ബി. ജെ. പി. പ്രവർത്തകർ 1. കെ. തിലകൻ, 2. വണ്ണാന്റെവിടെ മനോജ്, 3. പുതുശ്ശേരി മണിക്കോത്ത് പ്രമോദ്, 4. നെല്ലശ്ശേരി പ്രദീപൻ, 5. മഠത്തിൽ താഴെ കുന്നിയിൽ രാധാകൃഷ്ണൻ, 6. ഒതയോത്ത് സജിത്.

LIBRARY ARCHIVES Kerala Legislative Assembly

7. വണ്ണാൻ താഴെകുന്നിയിൽ ദായാനന്ദൻ, 8. പറംപത്ത് പോയിൽ ദിനേശ് ബാബു. 9. താല്ലയരത്ത് സുരേഷ്. 10. നെല്ലിയുള്ളത്തിൽ മജീഷ്, 11. പന്തലായി രാജീവൻ. ഒന്നും മൂന്നും നാലും ഒമ്പതും പ്രതികളെ അറസ്റ്റുചെയ്തു. രണ്ടും, അഞ്ചും, ഏഴും, പത്തും, പതിനൊന്നും പ്രതികൾ കോടതി മുൻപാകെ കീഴടങ്ങി.

4. പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം. നം. 252/99. (സി. ബി. സി ഐ. ഡി ക്രൈം നമ്പർ 2/സി.ആർ/2000) 11 പ്രതികൾ, 10 പേരെ തിരിച്ചറിഞ്ഞിട്ടില്ല. പ്രതി സി. പി. എം. പ്രവർത്തകൻ. എ. പ്രതീപൻ, അറസ്റ്റ് ചെയ്തിട്ടുണ്ട്.

5. പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം. നം. 253/99. (സി. ബി. സി ഐ. ഡി ക്രൈം നമ്പർ 3/സി.ആർ/2000) പ്രതികൾ 7 ബി. ജെ. പി പ്രവർത്തകർ. 1. പ്രശാന്ത്, 2. പ്രജോഷ്. 3. റ്റി. കെ. ഷിബു. 4. കെ. രാജേഷ്. 5. ഷാജി, 6. കെ. ബാബു. 7. കോയൻ മനു (മനോഹരൻ). ഒന്നും രണ്ടും, നാലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

6. പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം. നം. 254/99. (സി. ബി. സി ഐ. ഡി ക്രൈം നമ്പർ 4/സി.ആർ/2000) പ്രതികൾ 10 ബി. ജെ പി പ്രവർത്തകർ. 1 എം ഷാജി 2 പ്രകാശൻ 3 അമ്പിനൻ 4 രൂപേഷ് 5 കൊല്ലൻ ശശി 6. ബൈജു 7. കെ. പി മനോജ്. 8. എം. സുരേന്ദ്രൻ. 9. കെ. രതീഷ് 10. സി. കെ. ഷാജി മൂന്നും നാലും ഒമ്പതും പ്രതികളെ അറസ്റ്റു ചെയ്തു.

7. പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം. നം. 256/99. (സി. ബി. സി ഐ. ഡി ക്രൈം നമ്പർ 5/സി.ആർ/2000) പ്രതികൾ സി. പി. എം. പ്രവർത്തകർ. 1. മനോജ് 2. ഷാജി. രണ്ടു പ്രതികളെയും അറസ്റ്റു ചെയ്തു.

8. പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം. നം. 257/99. (സി. ബി. സി ഐ. ഡി ക്രൈം നമ്പർ 6/സി.ആർ/2000) പ്രതികൾ 8 ബി. ജെ. പി. പ്രവർത്തകർ 1. കെ. പ്രതീപൻ. 2. കെ ശശി, 3. രാധാകൃഷ്ണൻ 4. കെ. പ്രേമൻ 5. പി. രാജേഷ് 6. മനോജ് 7. റ്റി. രാജീവൻ 8. പാറബാലൻ. അഞ്ചും, ഏഴും എട്ടും പ്രതികളെ അറസ്റ്റ് ചെയ്തു.

9. പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം. നം. 258/99. (സി. ബി. സി ഐ. ഡി ക്രൈം 7/സി.ആർ/2000) പ്രതികൾ 12 സി. പി. എം. പ്രവർത്തകർ 1 കൊല്ലൻ സുനർ 2. ബാനൂട്ടി 3. പ്രകാശൻ 4. പ്രദീപൻ 5. മഹേഷ്. 6. സജീവൻ 7. രജിമാസ്റ്റർ 8. പ്രമോദ് 9. എം. കെ. പ്രദീപൻ 10. ഗിരീഷ് കുമാർ. 11. ഷിജിത്ത് 12. റ്റി. റ്റി. അനിൽ കുമാർ. ഒൻപതും പത്തും പതിനൊന്നും പന്ത്രണ്ടും പ്രതികളെ അറസ്റ്റു ചെയ്തു.

10. ചക്കരയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നം 38/2000. 4 പ്രതികൾ 1 ജോർജ്ജ്, കണ്ടലറിയാവുന്ന മറ്റ് മൂന്ന് പ്രതികൾ. പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly